പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2019-21)

## ഇരുപത്തൊന്നാമത് റിപ്പോർട്ട്

**[കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച്]**

(2019 നവംബർ മാസം 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2019-21)

## ഇരുപത്തൊന്നാമത് റിപ്പോർട്ട്

[കൊച്ചിൻ കാൻസർ  റിസർച്ച് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച്]

1351/2019.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി

## (2019-2021)

### ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. എസ്. ശർമ്മ.

**അംഗങ്ങൾ :**

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. സി. ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. രാജൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. സി. കെ. ശശീന്ദ്രൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ , ജോയിന്റ് സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

# മുഖവുര

കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച് പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2019 ഒക്ടോബർ മാസം 31-ാം തീയതി ചേർന്ന കമ്മിറ്റിയാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

എസ്. ശർമ്മ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2019 ഒക്ടോബർ 31.

# റിപ്പോർട്ട്

1. ഇന്ത്യയിൽ ഏറെ കാൻസർ രോഗികളുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കഴിഞ്ഞ അഞ്ചുവർഷത്തെ കണക്ക് പരിശോധിച്ചാൽ കേരളത്തിൽ കാൻസർ രോഗികളുടെ എണ്ണം ഭയാനകമാംവിധം വർദ്ധിച്ചിരിക്കുന്നതായി കാണാം. ഓരോ വർഷവും സംസ്ഥാനത്ത് ഏകദേശം അൻപതിനായിരം പുതിയ കാൻസർ കേസുകൾ കണ്ടെത്തുന്നുണ്ട്.

2. സാംസ്കാരികമായും വിദ്യാഭ്യാസപരമായും ഏറെ മുന്നിൽ നിൽക്കുന്ന കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കാൻസർ രോഗികളുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർദ്ധനവ് ഏറെ ആശങ്ക ഉളവാക്കുന്നു. കാൻസർ രോഗം രോഗികളുടെ ആരോഗ്യം കവർന്നെടുക്കുന്നതോടൊപ്പം ഭാരിച്ച ചികിത്സാ ചെലവുമൂലം അവരുടെ കുടുംബത്തിന്റെ സാമ്പത്തിക അടിത്തറ തന്നെ തകർക്കുന്നു. ചികിത്സക്കിടെ രോഗികളുടെ ജീവൻ പൊലിഞ്ഞു പോകുന്ന നിർഭാഗ്യകരമായ സംഭവങ്ങളും ഏറെയാണ്.

3. സർക്കാർ മേഖലയിൽ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിലെ കാൻസർ ചികിത്സാ സൗകര്യത്തിനുപുറമെ എല്ലാ ജില്ലയിലും ഓരോ ജില്ലാ കാൻസർ കെയർ യൂണിറ്റ് കൂടി ആരംഭിക്കുകയുണ്ടായി. എങ്കിലും കാൻസർ ചികിത്സക്കായി കേരളത്തിലെ ജനങ്ങൾ പ്രധാനമായി ആശ്രയിക്കുന്നത് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിനെയാണ്. സംസ്ഥാനത്തിന്റെ വടക്കേ അറ്റത്തു നിന്നും കാൻസർ രോഗികൾ വിദഗ്ദ്ധ ചികിത്സക്കായി കേരളത്തിന്റെ തെക്കെ അറ്റത്തുള്ള തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിനെ ആശ്രയിക്കുമ്പോൾ അടിക്കടിയുള്ള യാത്ര അവരുടെ മാനസിക, ശാരീരിക, സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നു. ആവർത്തിച്ചുവരുന്ന ദീർഘയാത്രകൾ സാധ്യമല്ലാത്തതുമൂലം പലപ്പോഴും ചികിത്സ മുടങ്ങി പോകുന്ന സാഹചര്യവും ഉണ്ടാകുന്നുണ്ട്.

4. മധ്യകേരളത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു കാൻസർ ചികിത്സാ ഗവേഷണ കേന്ദ്രം ആരംഭിക്കണമെന്നാവശ്യപ്പെട്ട് ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ നേതൃത്വത്തിലുണ്ടായ ക്യാമ്പയിനെ തുടർന്ന് കാൻസർ രോഗികളുടെ ചികിത്സയും അതോടൊപ്പം കാൻസർ ഗവേഷണവും ലക്ഷ്യമിട്ടാണ് കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ (സി.സി.ആർ.സി.) വിഭാവനം ചെയ്തത്. 2015 ഡിസംബർ 11-ന് അംഗീകാരം ലഭിച്ച സി.സി.ആർ.സി. കളമശ്ശേരി സർക്കാർ മെഡിക്കൽ കോളേജ് പരിസരത്ത് 2016 നവംബർ മാസം മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

5. മധ്യകേരളത്തിൽ അത്യന്താധുനിക സംവിധാനങ്ങളോടുകൂടി ഒരു കാൻസർ സെന്റർ പ്രവർത്തനമാരംഭിക്കുന്നത് കേരളത്തിലൊട്ടാകെയും ലക്ഷദ്വീപിലും ഉള്ള രോഗികൾക്ക് ചികിത്സയ്ക്ക് സൗകര്യപ്രദമാകുമെന്നും അതിനാൽ കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ കേരളത്തിലെ കാൻസർ ചികിത്സാ രംഗത്ത് അതീവ പ്രാധാന്യം അർഹിക്കുന്ന ഒരു കാൽവയ്പ്പാണെന്നും സമിതി നിരീക്ഷിക്കുന്നു.

6. ഈ സാഹചര്യത്തിൽ കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിനായുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനും കാൻസർ സെന്ററിന്റെ നിലവിലെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനുമായി 30-8-2019-ൽ സമിതി നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുകയുണ്ടായി. സന്ദർശനത്തിൽ സമിതി നേരിട്ട് മനസ്സിലാക്കിയ വസ്തുതകളും മുന്നോട്ട് വയ്ക്കുന്ന ശിപാർശകളും ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുന്നു.

7. എല്ലാ സൗകര്യങ്ങളോടും കൂടിയ കെട്ടിടം അതിവേഗം പണിതീർക്കുക എന്ന ലക്ഷ്യത്തോടെ കെട്ടിട നിർമ്മാണത്തിനായി കിഫ്ബി ഫണ്ടിൽ നിന്നും 379 കോടി രൂപ അനുവദിക്കുകയും പ്രോജക്ടിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ഇൻകെൽ എന്ന കമ്പനിയെ ചുമതലപ്പെടുത്തുകയും ചെയ്തതായും 87 കോടി രൂപ പദ്ധതിക്കായി നൽകി കഴിഞ്ഞതായും സമിതി മനസ്സിലാക്കുന്നു. ആറ് ലക്ഷം ചതുരശ്ര അടി വിസ്തൃതിയും എട്ട് നിലകളും 360 കിടക്കകൾ ഉൾക്കൊള്ളാവുന്നതുമായ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2018 ജൂലൈയിൽ ആരംഭിച്ച് 2020 ജൂലൈയിൽ പൂർത്തിയാക്കണം എന്ന വ്യവസ്ഥ പ്രകാരമാണ് ഇൻകെൽ, പി.ആന്റ് സി. കൺസ്ട്രക്ഷൻസ് എന്ന കമ്പനിക്ക് കരാർ നൽകിയത്. എന്നാൽ കെട്ടിടം പണി ആരംഭിച്ച് ഒരു വർഷത്തിന് ശേഷം 2019 ആഗസ്റ്റ് 4 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തിയപ്പോൾ 18% പണി മാത്രമാണ് പൂർത്തിയായിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുള്ളതായും എട്ട് നിലകളുള്ള കെട്ടിടത്തിന്റെ താഴത്തെ നിലയുടെ നിർമ്മാണമാണ് നടന്നുകൊണ്ടിരിക്കുന്നതെന്നും ഗുണനിലവാരകുറവുമൂലം പില്ലർ ഉൾപ്പെടെ നിർമ്മിച്ച ചില ഭാഗങ്ങൾ പൊളിച്ചുമാറ്റേണ്ടതായി വന്നതായും സമിതി മനസ്സിലാക്കുന്നു. ആഗസ്റ്റ് 4-ന് ചേർന്ന അവലോകന യോഗത്തിലെ നിർദ്ദേശ പ്രകാരം രണ്ടാഴ്ചത്തെ കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തിയപ്പോൾ കൺസ്ട്രക്ഷൻ കമ്പനി തൃപ്തികരമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നില്ല എന്നും കെട്ടിട നിർമ്മാണത്തിന് ആവശ്യാനുസരണം തൊഴിലാളികളെ നിയോഗിക്കുന്നതിൽ കമ്പനി വീഴ്ച വരുത്തിയതായും സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്.

8. റിസർച്ച് വിഭാഗം ഉൾപ്പെടെയുള്ള വിപുലമായ സംവിധാനങ്ങൾ ഒരുക്കേണ്ട പ്രസ്തുത സെന്ററിന്റെ , കെട്ടിടം നിർമ്മാണഘട്ടത്തിൽ തന്നെ ഗുണനിലവാരക്കുറവുമൂലം പൊളിച്ചു മാറ്റേണ്ടി വന്ന സാഹചര്യത്തിലും നിർമ്മാണം ഇഴഞ്ഞുനീങ്ങുന്ന സാഹചര്യത്തിലും അവശ്യ പദ്ധതി എന്ന നിലയിൽ കൃത്യസമയത്ത് നിർമ്മാണം പൂർത്തിയാക്കുവാൻ കർശന ഇടപെടലുകൾ ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. നിലവിലെ സാഹചര്യം സെന്ററിന്റെ നിർമ്മാണം അനന്തമായി നീണ്ടുപോകുന്ന തരത്തിലാണെന്നും സമിതി വിലയിരുത്തുന്നു. അതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ പോരായ്മകൾ ഇല്ലാതെ കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. സി.സി.ആർ.സി. കെട്ടിടം നിർമ്മിക്കുമ്പോൾ റേഡിയേഷൻ ഉപകരണങ്ങളും മറ്റും സൂക്ഷിക്കാനായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ഭിത്തിയുടെ ഘനത്തിന് പ്രത്യേക പ്രാധാന്യം നൽകേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരം ആവശ്യങ്ങൾ മുൻകൂട്ടി കണക്കാക്കിയിട്ടുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ കെട്ടിടത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. കെട്ടിടനിർമ്മാണം യഥാസമയം പൂർത്തിയാക്കണമെങ്കിൽ ദിവസേന 500 മുതൽ 600 വരെ തൊഴിലാളികളെ നിർമ്മാണ പ്രവൃത്തികളിൽ നിയോഗിക്കേണ്ടിയിരിക്കെ 200-ൽ കൂടുതൽ തൊഴിലാളികളെ നിയോഗിക്കുന്നില്ല എന്ന് സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണം യഥാസമയം പൂർത്തീകരിക്കുന്നതിനാവശ്യമായത്ര തൊഴിലാളികളെ ദിവസേന നിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും അപ്രകാരം ആവശ്യത്തിന് തൊഴിലാളികളെ നിയോഗിക്കാത്ത പക്ഷം നിർമ്മാണ പ്രവർത്തനം തുടരുവാൻ കമ്പനിയെ അനുവദിക്കരുതെന്നും സമിതി ശിപാർശ ചെയ്യുന്നു.

11. കെട്ടിട നിർമ്മാണത്തിന് മേൽനോട്ടം വഹിച്ച് കൃത്യമായി വിലയിരുത്തുന്നതിനും നിർമ്മാണ പ്രവർത്തനങ്ങളും പ്രവൃത്തിയുടെ ഗുണനിലവാരവും പരിശോധിക്കുന്നതിനും നിർമ്മാണ സ്ഥലത്ത് ഒരു ഓഫീസറുടെ സാന്നിധ്യം ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് സമിതി കരുതുന്നു. ഏറെ പ്രാധാന്യം അർഹിക്കുന്ന പ്രസ്തുത കെട്ടിടത്തിന്റെ ദൈനംദിന നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുഴുവൻ സമയ മേൽനോട്ടം വഹിക്കുന്നതിനായി ഒരു പ്രോജക്ട് ഓഫീസറെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. രണ്ടു വർഷം കൊണ്ട് നിർമ്മിച്ച് തീരുമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള എട്ട് നില കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെ നിർമ്മാണ പ്രവർത്തനമാണ് നിർമ്മാണം തുടങ്ങി ഒരു വർഷം പിന്നിട്ട വേളയിലും നടന്നുകൊണ്ടിരിക്കുന്നത്. 58% പണി തീരേണ്ട സമയത്ത് 18% നിർമ്മാണം മാത്രം നടക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ കോൺട്രാക്ടറോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടും കാര്യമായ മാറ്റം ഉണ്ടാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കൃത്യസമയത്ത് തന്നെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി കെട്ടിടത്തിന്റെ ഇനിയും പണിതീരാൻ അവശേഷിക്കുന്ന ഓരോ നില അല്ലെങ്കിൽ നിശ്ചിത ചതുരശ്ര അടിയുടെ പണി തീർക്കുന്നതിനായി കൃത്യമായ സമയക്രമം കണക്കാക്കി ആയത് പ്രകാരം ഓരോ ഘട്ടവും പൂർത്തീകരിക്കുന്നതിനും നിർമ്മാണം പൂർണ്ണമായി നിശ്ചയിച്ച സമയപരിധിക്കുള്ളിൽ തീർക്കുന്നതിനുമുള്ള ഒരു കരാറിൽ കോൺട്രാക്ടറുമായി ഏർപ്പെടണം എന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. നിലവിൽ സി.സി.ആർ.സി. കെട്ടിട നിർമ്മാണത്തിന്റെ സ്പെഷ്യൽ ഓഫീസറായി അധിക ചുമതല ഏൽപ്പിച്ചിരിക്കുന്നത് എറണാകുളം ജില്ലാ കളക്ടറെയാണ്. ഒരു ജില്ലയുടെ

മുഴുവൻ ചുമതലകളും നിർവ്വഹിക്കേണ്ട ഏറെ തിരക്കുകളുള്ള ജില്ലാ കളക്ടർക്ക് സി.സി.ആർ.സി.ക്കായി സമയം വിനിയോഗിക്കുന്നതിന് പരിമിതികൾ ഉണ്ട്. ആയതിനാൽ കൃത്യമായി കെട്ടിട നിർമ്മാണം തീർക്കണമെങ്കിൽ ഈ പ്രോജക്ടിന്റെ മാത്രം ചുമതല ഒരു ഓഫീസർക്ക് നൽകേണ്ടതാണ്. സി.സി.ആർ.സി.യുടെ നിർമ്മാണത്തിന് അർഹിക്കുന്ന പ്രാധാന്യം നൽകി കൃത്യ സമയത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി ഒരു ഫുൾടൈം സ്പെഷ്യൽ ഓഫീസറുടെ സേവനം അത്യാവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ സി.സി.ആർ.സി.യുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല നിർവ്വഹിക്കുന്നതിനായി ഒരു ഫുൾടൈം സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. പദ്ധതി നിശ്ചിത സമയ പരിധിക്കുള്ളിൽ യാഥാർത്ഥ്യമാക്കുന്നതിനായി നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സമയാസമയം വിലയിരുത്തുവാൻ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ഒരു സബ് കമ്മിറ്റി രൂപീകരിക്കുന്നത് ഗുണപ്രദമാണെന്ന് സമിതി വിലയിരുത്തുന്നു. സ്പെഷ്യൽ ഓഫീസർ, പ്രോജക്ട് ഓഫീസർ, സെന്റർ ഡയറക്ടർ, ഇൻകെൽ പ്രതിനിധി, സ്ഥലത്തെ പ്രമുഖർ തുടങ്ങിയവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ച് അവലോകന യോഗം ചേർന്ന് നിർമ്മാണപുരോഗതി കൃത്യമായി കണക്കാക്കിയാൽ നിർമ്മാണ പുരോഗതി ഉണ്ടാകുമെന്നതിനാൽ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ഒരു സബ്കമ്മിറ്റി രൂപീകരിച്ച് ആഴ്ചതോറും അവലോകനയോഗം ചേർന്ന് തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. കെട്ടിട നിർമ്മാണത്തിൽ ഇൻകെലിന് കാര്യമായ പങ്ക് ഉണ്ടെന്ന് സമിതി കണക്കാക്കുന്നു. ആയതിനാൽ ഇൻകെൽ-ന്റെ ഒരു പ്രതിനിധി പ്രവൃത്തി സ്ഥലത്ത് ഉണ്ടാകണമെന്നും ദൈനംദിന നിർമ്മാണ പുരോഗതി പ്രൊജക്ട് ഓഫീസർ രേഖപ്പെടുത്തി സ്പെഷ്യൽ ഓഫീസറെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

16. കേരളത്തിന്റെ തന്നെ അഭിമാന പദ്ധതിയായി മാറേണ്ട സി. സി. ആർ. സി.-യുടെ നിർമ്മാണത്തിന് അർഹിക്കുന്ന പ്രാധാന്യം നൽകി കൃത്യസമയത്ത് നിർമ്മാണം പൂർത്തിയാക്കി ആശുപത്രി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്.

17. സി. സി. ആർ. സി. ക്കായി 2017-18-ലെ ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും 2.7 കോടി രൂപ മാത്രമാണ് ചെലവഴിച്ചതെന്നും 2018-19-ൽ 10 കോടി രൂപ വകയിരുത്തിയതിൽ 2.6 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളുവെന്നും സമിതി മനസ്സിലാക്കുന്നു. കേരളത്തിലെ നിർധനരായ രോഗികളുടെ ചികിത്സക്ക് ഗുണകരമാകുന്ന സി.സി.ആർ.സി.യുടെ നിർമ്മാണത്തിനും വികസനത്തിനുമായി വകയിരുത്തിയ കോടി

കണക്കിന് തുക ചെലവഴിക്കാതെ നഷ്ടപ്പെടുത്തുന്നത് ഗുരുതര വീഴ്ചയായി സമിതി കണക്കാക്കുന്നു. ഇത്തരം വീഴ്ചയിലൂടെ ആശുപത്രിയുടെ നിർമ്മാണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിലും നഷ്ടം സംഭവിക്കുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ 2019-20-ൽ അനുവദിച്ചിട്ടുള്ള 15 കോടി രൂപ ശരിയായ വിധത്തിൽ സമയപരിധിക്കുള്ളിൽ വിനിയോഗിക്കുന്നതിന് കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. 2015-ൽ അംഗീകാരം ലഭിച്ച കൊച്ചിൻ കാൻസർ സെന്റർ മൂന്ന് വർഷം മുമ്പ് 2016 നവംബർ 11-ന് താത്കാലിക സംവിധാനം എന്ന നിലയിൽ കളമശ്ശേരി മെഡിക്കൽ കോളേജിലെ ഒരു കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. നിലവിൽ അവിടെ പരിമിതമായ ചികിത്സാ സൗകര്യങ്ങൾ മാത്രമെ രോഗികൾക്ക് ലഭ്യമാകുന്നുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. പ്രാരംഭത്തിൽ പ്രതിമാസം 100 മുതൽ 150 വരെ രോഗികൾ മാത്രമാണ് ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ എത്തിയിരുന്നതെങ്കിലും ഇപ്പോൾ ശരാശരി ആയിരം പേർ ചികിത്സക്കായി എത്തുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിൽ കാൻസർ സെന്ററിൽ ആറ് കീമോതെറാപ്പി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എല്ലാ പ്രാഥമിക ടെസ്റ്റുകളും നടത്തുവാൻ സൗകര്യമുള്ള ലബോറട്ടറിയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 2019 ആഗസ്റ്റ് 4 മുതലാണ് ഇവിടെ കിടത്തി ചികിത്സ ആരംഭിച്ചതെന്നും 20 പേരെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഉണ്ടെങ്കിലും 6 കിടക്കകൾ മാത്രമാണ് കിടത്തി ചികിത്സക്കായി സജ്ജീകരിച്ചിട്ടുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ലഭ്യമായ സൗകര്യം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കിടത്തി ചികിത്സ ആവശ്യമായ രോഗികൾക്ക് പരമാവധി സഹായകമാകുന്ന വിധത്തിൽ നിലവിലുള്ള സംവിധാനത്തിൽ ഇരുപതു കിടക്കകളും കിടത്തി ചികിത്സക്കായി സജ്ജീകരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. സി.സി.ആർ.സി.-യിൽ ചികിത്സക്കെത്തുന്ന രോഗികളുടെ ശസ്ത്രക്രിയകൾ മെഡിക്കൽ കോളേജിന്റെ ഓപ്പറേഷൻ തീയറ്ററിലാണ് നടത്തി വന്നിരുന്നത്. സി. സി. ആർ.സി.ക്ക് സ്വന്തമായി ഓപ്പറേഷൻ തിയറ്റർ ഒരുക്കിയിട്ടുണ്ടെന്നും 2019 ആഗസ്റ്റ് നാലിന് പ്രസ്തുത തിയറ്ററിൽ ആദ്യത്തെ ഓപ്പറേഷൻ നടത്തിയതായും സമിതി മനസ്സിലാക്കുന്നു. സി. സി. ആർ. സി. യിൽ ഓപ്പറേഷൻ നടത്തുന്നതിന് ഇപ്രകാരം സൗകര്യം ഉണ്ടെങ്കിലും ഇവിടെ ഓപ്പറേഷൻ നടത്തുന്നില്ല എന്നും ആക്ഷേപമുണ്ട്. ഡയറക്ടറും സൂപ്രണ്ടും ഉൾപ്പെടെ മൂന്ന് സർജൻമാരുടെ സേവനവും സ്വന്തമായി ഓപ്പറേഷൻ തിയേറ്ററും ഉള്ള സാഹചര്യത്തിൽ സി.സി.ആർ.സി.-യിൽ പ്രസ്തുത ഓപ്പറേഷൻ തിയേറ്ററിന്റെ സൗകര്യങ്ങൾ വിപുലീകരിച്ച് ചികിത്സക്കെത്തുന്ന രോഗികളുടെ ചികിത്സയോടനുബന്ധിച്ച് ആവശ്യമായി വരുന്ന മേജർ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള പരമാവധി ശസ്ത്രക്രിയകൾ അവിടെ തന്നെ നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. റേഡിയേഷൻ ഉപകരണങ്ങളും മറ്റും സൂക്ഷിക്കുന്നതിനും റേഡിയേഷൻ നടത്തുന്നതിനും ആവശ്യമായ രീതിയിലുള്ള മുറികൾ നിലവിലുള്ള സി.സി.ആർ.സി.-ൽ ഇല്ലാത്തതിനാൽ റേഡിയേഷൻ നടത്തുവാൻ സാധിക്കില്ല എന്ന് സമിതി മനസ്സിലാക്കുന്നു. റേഡിയേഷൻ ആവശ്യമുള്ള രോഗികളെ ജനറൽ ആശുപത്രിയിൽ എത്തിച്ചാണ് റേഡിയേഷൻ നൽകിവരുന്നത്. രോഗികളെ റേഡിയേഷന് കൊണ്ടുപോകുന്നതിനും തിരികെ കൊണ്ടുവരുന്നതിനും സി.സി.ആർ.സി.-ക്ക് സ്വന്തമായി ആംബുലൻസ് ഇല്ല എന്ന് സമിതി മനസ്സിലാക്കുന്നു. കാൻസർ ചികിത്സക്കായി ദിനംപ്രതി വളരെയധികം രോഗികൾ എത്തുന്ന അവിടെ ആംബുലൻസ് ഇല്ലാത്തതുമൂലം രോഗികൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാകുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അടിയന്തരമായി സി.സി.ആർ.സി.-യ്ക്ക് ആംബുലൻസ് സൗകര്യം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. അതിനൂതന സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള അൾട്രാസൗണ്ട് സ്കാനർ, മാമ്മോഗ്രാഫി യൂണിറ്റ്, കോളനോസ്കോപ്പ് തുടങ്ങിയ ഉപകരണങ്ങൾ ആശുപത്രിയിൽ ഉണ്ടെങ്കിലും അവ കാര്യമായി പ്രയോജനപ്പെടുത്തുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരം മെഷീനുകൾ ഉപയോഗിച്ച് രോഗികൾക്ക് ആവശ്യമായ സ്കാനിംഗും, മാമോഗ്രാഫിയും, കോളനോസ്കോപിയും മറ്റും ആശുപത്രിയിൽ തന്നെ നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും ഇതിനായി പ്രാവീണ്യമുള്ള ടെക്നീഷ്യൻമാരെ അടിയന്തരമായി നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

22. എട്ട് ഡോക്ടർമാർ ഉൾപ്പെടെ 32 ഉദ്യോഗസ്ഥരുമായി പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിൽ ഇപ്പോൾ 53 പേർ സേവനം അനുഷ്ഠിച്ചുവരുന്നതായി സമിതി മനസ്സിലാക്കുന്നു. സി. സി. ആർ. സി. യിലെ സൂപ്രണ്ട് ഉൾപ്പെടെയുള്ള തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്തിയിട്ടുള്ളത്. സെന്ററിന്റെ പ്രാധാന്യം കണക്കിലെടുത്ത് സൂപ്രണ്ട് ഉൾപ്പെടെയുള്ള തസ്തികകളിൽ സ്ഥിര നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. കാൻസർ ചികിത്സാ രംഗത്ത് ലോക പ്രശസ്തിയാർജ്ജിച്ച ആശുപത്രിയായി സി.സി.ആർ.സി. മാറുക, പ്രഗത്ഭരായ ശാസ്ത്രജ്ഞർ അവിടെ ഗവേഷണങ്ങൾ നടത്തുക, കാൻസറിനെതിരെ അത്ഭുതകരമായ മരുന്നുകൾ ഗവേഷണത്തിലൂടെ കണ്ടു പിടിക്കുക, എന്നിങ്ങനെയുള്ള പ്രതീക്ഷകൾ ഈ സെന്ററിന്റെ റിസർച്ച് വിഭാഗത്തെക്കുറിച്ച് ഉണ്ടെങ്കിലും റിസർച്ച് വിഭാഗം നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തത് ഒരു വലിയ നഷ്ടമായി സമിതി വിലയിരുത്തുന്നു. കേരളത്തിന്റെ അഭിമാനമായി മാറേണ്ട കാൻസർ സെന്ററിന്റെ റിസർച്ച് വിഭാഗം പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു.

നിലവിലെ ആശുപത്രിയിൽ രോഗികൾക്ക് പരമാവധി സൗകര്യങ്ങൾ ഒരുക്കുന്നതിനും കാലഘട്ടത്തിന്റെ അനിവാര്യത എന്ന നിലയിൽ നിലവിലെ സാഹചര്യങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി നിശ്ചിത സമയപരിധിക്കുള്ളിൽ സി.സി.ആർ.സി.-യുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

എസ്. ശർമ്മ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2019 ഒക്ടോബർ 31.

## ശുദ്ധിപത്രം

| ക്രമ നമ്പർ | പേജ് നമ്പർ | ഖണ്ഡിക നമ്പർ | റിപ്പോർട്ടിൽ അച്ചടിച്ചിരിക്കുന്നത് | തിരുത്തൽ വരുത്തിയത് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 2 | 7 | ബഹു. മുഖ്യമന്ത്രിയുടെ | ബഹു. വകുപ്പുമന്ത്രിയുടെ |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.